Draft #1 of File CMS/1/WMC/2019 Approved by ASSISTANT REGISTRAR II ACADEMIC on 07-May-2019 10:34 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

26.03.2019-ന് നടന്ന സർവ്വകലാശാലയുടെ വെബ്സൈറ്റ് അവലോകന സമിതിയുടെ ശുപാർശകൾ അംഗീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

Content Management

നമ്പർ. 1913/CM/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.05.2019

പരാമർശം:-(1). 26.03.2019 ഉച്ചക്ക് 2.30-ന് കണ്ടൻറ് മാനേജ് മെൻറ് സെക്ഷനിൽ കൂടിയ സർവ്വകലാശാലയുടെ വെബ്സൈറ്റ് അവലോകന യോഗത്തിൻറെ ശുപാർശകൾ.
(2). ബഹു. വൈസ്-ചാൻസലറുടെ 27 .04 .2019 തീയ്യതിയിലെ ഉത്തരവ്.

**ഉത്തരവ്**

സർവ്വകലാശാലയുടെ വെബ്സൈറ്റിൻറെ ദൈനംദിന പ്രവർത്തനത്തെ ക്കുറിച്ച് ചർച്ച ചെയ്യുന്നതിന് പരാമർശം (1) പ്രകാരം കൂടിയ വെബ്സൈറ്റ് അവലോകന യോഗം താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകാരത്തിനായി ശുപാർശ ചെയ്തു.

1. IT MISSION, SDC-2-ൽ Host ചെയ്തിരിക്കുന്ന സർവ്വകലാശാലയുടെ വൈബ് സൈറ്റ് AWS-ലേക്ക് മാറ്റുന്നതിനെ ക്കുറിച്ച് പഠിച്ച് റിപ്പോർട്ട സമർപ്പിക്കുവാൻ ശ്രീ. മധു വി.റ്റി. -യെ (ഐ.റ്റി. കോർഡിനേറ്റർ)ചുമതലപ്പെടുത്തുന്നതിന്.
2. സർവ്വകലാശാലയുടെ വെബ്സൈറ്റിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് വെബ് ഡിസൈനിംഗിൽ പ്രാഗത്ഭ്യം ഉള്ള ഒരു സോഫ്റ്റ്വെയർ ഡെവലപ്പറെ അടിയന്തിരമായി നിയോഗിക്കുന്നതിനും; സോഫ്റ്റ്വെയർ ഡെവലപ്പറെ നിയോഗിക്കുന്നതോടൊപ്പം സർവ്വകലാശാല വെബ്സൈറ്റിൽ പരിഷ്കാരങ്ങൽ വരുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നതിനും.
3. വെബ്സൈറ്റിൽ നിലവിൽ ലഭ്യമായ സബ് ഡൊമൈനുകളെല്ലാം തന്നെ വെബ്സൈറ്റ് സന്ദർശിക്കുന്നവർക്ക് അനായാസം വിവരങ്ങൾ അറിയുന്ന തരത്തിൽ ക്രമീകരിക്കുന്നതിന്.
4. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുന്നത് പരീക്ഷാ സംബന്ധമായ ആവശ്യങ്ങൾക്കാകയാൽ പരീക്ഷക്കു മാത്രമായി ഒരു സബ്ഡൊമൈൻ (ceo.mgu.ac.in) ലഭ്യമാക്കുന്നതിനും; പരീക്ഷക്കുവേണ്ടിയുള്ള സബ് ഡൊമൈൻൻറെ Template നിർമ്മിക്കുവാൻ ശ്രീ.ശബരീഷ്, സെക്ഷൻ ഓഫീസർ,CETEX, ശ്രീ.നിർമ്മൽ ജോർജ്, അസിസ്റ്റൻറ്, CETEX എന്നിവരെ ചുമതലപ്പെടുത്തുന്നതിന്.
5. പ്രവേശന സംബന്ധമായ എല്ലാ വിവരങ്ങളും admission.mgu.ac.in എന്ന സബ് ഡൊമൈനിൽ ലഭ്യമാക്കുന്നതിന്.
6. സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഒന്നിലധികം ഫെയ്സ്ബുക്ക്, യൂട്യൂബ് പേജുകൾ നിലവിലുള്ള സാഹചര്യത്തിൽ ഔദ്യോഗിക ഫെയ്സ്ബുക്ക്, യൂട്യൂബ് പേജ് മാത്രം നിലനിർത്തുന്നതിനും, നിർദ്ദേശം നൽകുന്നതിനും ഇവ കൈകാര്യം ചെയ്യുന്നതിനും പി.ആർ.ഒ-

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

യെ ചുമതലപ്പെടുത്തുന്നതിന്.

7. പഠനവകുപ്പുകലിലെ കുട്ടികൾക്കായി ഒരു login portal തുടങ്ങുന്നതിനുള്ള കാര്യങ്ങൾ ചെയ്യുവാൻ ഡോ.സജിമോൻ എബ്രഹാം (അസി.പ്രൊഫെസ്സർ,SMBS) നെ ചുമതലപ്പെടുത്തുന്നതിന്.
8. പഠനവകുപ്പുകളിൽ നടത്തപ്പെടുന്ന അക്കാദമിക് പരിപാടികളുടെ brochure കളും, ഫോട്ടോകളും ഉടൻതന്നെ കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനിൽ ഇ.മെയിൽ മുഖേന എത്തിക്കേണ്ടതാണെന്ന് എല്ലാ പഠനവകുപ്പുകൾക്കും അറിയിപ്പ് നൽകുന്നതിന് .

ടി. ശുപാർശകൾ പരാമർശം (2) പ്രകാരം ബഹു. വൈസ്-ചാൻസലർ (i/c) അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് നാരായൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

വൈസ്-ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.
രജിസ്ട്രാർ/സി.ഇ./എഫ്.ഓ. എന്നിവരുടെ പി.എ. മാർ.
ഐ.ക്യൂ.എ.സി./പി.ആർ.ഓ./സ്റ്റാറ്. യൂണിറ്റ്.
വെബ്സൈറ്റ് അവലോകന/മേൽനോട്ട സമിതി അംഗങ്ങൾ.
ഐ.ടി. കോ-ഓർഡിനേറ്റർ/സിസ്റ്റം മാനേജർ/CETEX/എ.ഡി.എ.4 സെക്ഷൻ.
റെക്കോർഡ്സ്/എസ്.എഫ് /എഫ്.സി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File CMS/1/WMC/2019 Approved by ASSISTANT REGISTRAR II ACADEMIC on 07-May-2019 10:34 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം